# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7856 23.07.2012 -ൽ മറുപടിയ്ക്ക്**

**ടി. പി. ചന്ദ്രശേഖരൻ വധക്കേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി. ഉബൈദുള്ള | തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) വടകര ടി. പി.ചന്ദ്രശേഖരൻ വധക്കേസ് അന്വേഷിക്കുന്ന സംഘത്തിലെ ഉദ്യോഗസ്ഥരുടെയും മാധ്യമ പ്രവർത്തകരുടെയും ഫോൺ കോളുകളും ചോർത്തിയത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ടി. പി.ചന്ദ്രശേഖരൻ വധക്കേസിലെ അന്വേഷണ ഉദ്യോഗസ്ഥരിൽപ്പെട്ട ശ്രീ ജോസി ചെറിയാന്റെ ഫോൺകോൾ വിവരങ്ങൾ ചോർത്തിയ കാര്യത്തിന് അദ്ദേഹത്തിന്റെ പരാതിയിൽ വടകര പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്. (വടകര പോലീസ് സ്റ്റേഷൻ ക്രൈം നം. 637/12 u/s 70(3), 43(A), 66 (A), (1), (2) of IT Act and Sec. 500 of IPC). പ്രസ്തുത കേസ് കോഴിക്കോട് റൂറൽ ക്രൈം ഡിറ്റാച്ച്മെന്റ് ഡി. വൈ.എസ്. പി. അന്വേഷണം നടത്തി വരുന്നു. മാധ്യമ പ്രവർത്തകരുടെ ഫോൺ ചോർത്തിയത് സംബന്ധിച്ച് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| ബി) ഫോൺ കോളുകൾ ചോർത്തിയതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ബി) കണ്ടെത്തിയിട്ടില്ല. ഇതു സംബന്ധിച്ച കേസിന്മേൽ അന്വേഷണം തുടർന്നു വരുന്നു. |
| സി) വധത്തിനുപിന്നിൽ പ്രവർത്തിച്ചവരും ഗൂഢാലോചന നടത്തിയവരുമായി സംശയിക്കപ്പെടുന്ന എത്രപേരെ ഇതുവരെ ചോദ്യം ചെയ്തുവെന്നും കസ്റ്റഡിയിൽ എടുത്തുവെന്നും വെളിപ്പെടുത്തുമോ ; | (സി) ചന്ദ്രശേഖരൻ വധത്തിനു പിന്നിൽ പ്രവർത്തിച്ചവരും ഗൂഢാലോചന നടത്തിയവരുമായി സംശയിക്കപ്പെടുന്ന 68 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. 271 സാക്ഷികളെ ഇതുവരെ ചോദ്യം ചെയ്ത് തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. |
| ഡി) കസ്റ്റഡിയിൽ എടുത്ത സി. പി.എം. പ്രവർത്തകരും അനുഭാവികളുമായവർ ആരെല്ലാമെന്നും അവരുടെ സംഘടനാ ഭാരവാഹിത്വവും വ്യക്തമാക്കുമോ ; | (ഡി) ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിൽ അറസ്റ്റ് ചെയ്ത ആളുകളുടെ രാഷ്ട്രീയ സംഘടനാ ഭാരവാഹിത്വം സംബന്ധിക്കുന്ന വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| ഇ) കേസന്വേഷണം എന്നത്തേക്ക് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഇ) കേസന്വേഷണം പുരോഗമിച്ച് വരികയാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ